# റബ്ബർ ടാപ്പിംഗിൽ നൂതനരീതിയുമായി തോമസ്

Posted on: 20 Jun 2012



റബ്ബർ മരത്തിൽ മൂന്നര ഇഞ്ച് മാത്രം ടാപ്പുചെയ്യുന്ന പുതിയ രീതി കണ്ടെത്തി വിജയകരമായി നടപ്പിലാക്കുകയാണ് പാലക്കാട്, മംഗലാകുന്നിലെ തോമസ് എന്ന കർഷകൻ. ആഴ്ചയിൽ രണ്ടു ദിവസം മാത്രം നടത്തുന്ന ഈ ടാപ്പിംഗിൽ മുൻകാനയും, പിൻകാനയും ഒരുപോലെ കുത്തിയെടുക്കുന്ന രീതിയിൽ റബ്ബർ മരങ്ങൾക്ക് ആയുസ്സ് കൂട്ടുന്നതോടൊപ്പം ക്രമമായി ഉത്പാദനം ലഭിക്കുകയും ചെയ്യുന്നു.

പി.റ്റി.എസ്. എന്നു പേരു നൽകിയിരിക്കുന്ന തോമസിന്റെ ഈ രീതിയിൽ തറനിരപ്പിൽ നിന്ന് രണ്ടര അടി ഉയരത്തിൽ പുതിയ മരങ്ങളിൽ ടാപ്പിംഗ് തുടങ്ങാം. പരിചയം കുറവുള്ളവർക്കും ഈ രീതി പ്രായോഗികമാണെന്ന് തോമസ് പറയുന്നു. പതിനഞ്ചുവർഷത്തെ തോമസിന്റെ നിരീക്ഷണങ്ങളിലൂടെ റബ്ബർ മരങ്ങളിൽ കുരുമുളക് പടർത്തി അധിക വരുമാനവും ഇദ്ദേഹം നേടുന്നു. ആവശ്യമെങ്കിൽ ഉത്തേജനമരുന്നു ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്നാണ് ഈ കർഷകന്റെ അഭിപ്രായം. പി.റ്റി.എസ്. ടാപ്പിംഗ് രീതി പുതിയ കർഷകർക്ക് പരിചയപ്പെടുത്താൻ തോമസിന് താൽപര്യമുണ്ട്. ഫോൺ - 9495035337

സ്രോതസ്സ്: http://www.mathrubhumi.com